# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2575 — 12.06.2018 -ൽ മറുപടിക്ക്

## ഉത്തരവാദ ടൂറിസം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അനിൽകുമാർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ജനകീയവും ഉത്തരവാദിത്ത പൂർണ്ണവും സുസ്ഥിരവുമായ ടൂറിസം വികസനം എന്ന കാഴ്ചപ്പാടിൽ നാടിനെ നയിക്കുന്നതിൽ "ഉത്തരവാദ ടൂറിസം പദ്ധതി" എത്ര മാത്രം സഹായകമായി എന്ന് വ്യക്തമാക്കുമോ; | എ) ടൂറിസത്തെ വരേണ്യവിഭാഗത്തിന്റെ മാത്രം പ്രവർത്തന മേഖല എന്ന അവസ്ഥ മാറ്റി ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണ ത്തിനുമുള്ള ഉപാധിയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br>ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തന ഫലമായി കുമരകം, തേക്കടി, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ, കോവളം എന്നിവിടങ്ങളിലെ പ്രാദേശിക യൂണിറ്റുകൾക്ക് 4.25 കോടി രൂപയുടെ വരുമാനം നേടികൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹോംസ്റ്റേ, ഫാം സ്റ്റേ, ടെണ്ടഡ് അക്കോമഡേഷൻ, കരകൗശല വസ്തു നിർമ്മാണം, മറ്റ് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ തുടങ്ങിയവയിൽ 700 പേർക്ക് പരിശീലനം 7 മാസം കൊണ്ട് നൽകാൻ കഴിഞ്ഞിട്ടുണ്ട്. 6 ജില്ലാതല അവബോധ ശിൽപ്പശാല കൾ നടത്തിയതിലൂടെ ടൂറിസം മേഖലയിലെ അനാരോഗ്യ പ്രവണതകൾക്കെതിരെയും പ്രാദേശിക ടൂറിസം വികസന സാദ്ധ്യതകളെ സംബന്ധിച്ചും |

എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളെ സംബന്ധിച്ചും അവബോധം സൃഷ്ടിക്കാനും ടൂറിസത്തിലെ പ്രാദേശിക ഉൽപ്പാദന വിപണന സാദ്ധ്യതകളെ സംബന്ധിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികൾക്കും മറ്റ് സ്റ്റേക്ക് ഹോൾഡർമാർക്കും അവബോധം സൃഷ്ടിക്കുവാനും സാധിച്ചു. ഈ അവ ബോധ ശിൽപ്പശാലകളിൽ മാത്രം 1200 പേർ പങ്കെടുത്തിട്ടുണ്ട്. ഇതിനുപുറമേ പ്രാദേശികമായി ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനായി 750 റിസോർസ് പേഴ്സൺമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി വരികയാണ്. 7 കേന്ദ്രങ്ങളിൽ മാത്രമായി നടന്നു വന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കാൻ ഉത്തരവാദിത്ത ടൂറിസം മിഷന് ചുരുങ്ങിയ കാലയള വിനുളളിൽ തന്നെ കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രക്രിയയിൽ ടൂറിസം സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ് പോലുള്ള പ്രവർത്തനങ്ങളും മാതൃകാപരമായി നടപ്പാക്കി വരുന്നു

| | | | |
|---|---|---|---|
| ബി) | ഈ പദ്ധതിയുടെ ഭാഗമായി തൊഴിൽ ലഭ്യത കൂട്ടുന്നതിനുള്ള ശ്രമങ്ങൾ വിജയിച്ചിട്ടുണ്ടോ; ഏതൊക്കെ മേഖലകളിലാണ് തൊഴിൽ ലഭ്യമാക്കുന്നതിന് കഴിഞ്ഞത്; അറിയിക്കുമോ; | ബി) | ടൂറിസം മേഖലയിൽ പ്രത്യക്ഷമായും പരോക്ഷമായും ഒരു ലക്ഷം പേർക്കു തൊഴിൽ ലഭ്യമാക്കുക എന്നത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ ലക്ഷ്യങ്ങളിലൊന്നാണ്. ഇതിന്റെ ഭാഗമായി 5 വർഷം കൊണ്ട് 1,00,000 പേർക്ക് കൃഷി, ഉല്പാദനം, വിപണനം, പരമ്പരാഗത ഉൽപ്പന്നങ്ങളുടെ ടൂറിസം മേഖലയിലെ വിപണനം, കരകൗശല വസ്തുക്കളുടെ ഉത്പാദന വിപണനം, സുവനീർ ഉത്പാദന വിപണനം, ആക്സസിബിൾ ടൂറിസം പാക്കേജുകളുടെ രൂപീകരണ വിപണനം, ടൂറിസം റിസോഴ്സ് മാപ്പിംഗ്, ടൂറിസം |

റിസോഴ്സ് ഡയറക്ടറിയുടെ പ്രസിദ്ധീകരണം, കൾച്ചറൽ പാക്കേജുകൾ, വേസ്റ്റ് മാനേജ്മെന്റിനായി ടൂറിസം കേന്ദ്രങ്ങളിലെ നിർമ്മാണവും ഇതര സ്ഥിര സംവിധാനങ്ങളുടെ മേൽനോട്ടവും, ഉൽപ്പന്ന വിപണന സംവിധാനത്തിനായി ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക്, കൾച്ചറൽ ഫോറം, ടൂറിസം മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി ആർ.ടി ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി, ഇതിനായുള്ള മൊബൈൽ ആപ്പുകൾ, ഓൺ ലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കും. ഇതിനായുള്ള വിവിധ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

| | |
|---|---|
| സി) ഉത്തരവാദിത്തപൂർണ്ണമായ ടൂറിസം സംസ്കാരം വളർത്തിക്കൊണ്ടു വരുന്നതിന് ടൂറിസം ക്ലബ്ബുകളുടെ സഹകരണം തേടിയിട്ടുണ്ടോ; എങ്കിൽ അത് എത്രമാത്രം വിജയപ്രദമാണ്; | സി) സർക്കാരിന്റെ പുതിയ ടൂറിസം നയം അനുസരിച്ച് സ്കൂൾ-കോളേജ് തലങ്ങളിലെ ടൂറിസം ക്ലബ്ബുകളെ കോ-ഓർഡിനേറ്റ് ചെയ്യേണ്ടത് ഉത്തരവാദിത്ത ടൂറിസം മിഷൻ ആണ്. ജൂലൈ മാസത്തോടെ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കും. ഇപ്പോൾത്തന്നെ മിഷന്റെ നേതൃത്വത്തിൽ സ്കൂൾ തലത്തിൽ ക്ലബ്ബുകൾ രൂപീകരിച്ച് സ്കൂൾ അവബോധ ശിൽപ്പശാലകളും ക്ലീനിംഗ് ക്യാമ്പയിനുകളും നടത്തി വരുന്നു. |
| ഡി) ഈ പദ്ധതിയിലൂടെ ഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രമായി സംസ്ഥാനത്തെ മാറ്റുന്നതിനും ഹോം സ്റ്റേ പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം മിഷന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) ഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രമായി കേരളത്തെ മാറ്റുക, ഹോം സ്റ്റേ, ഫാം സ്റ്റേ എന്നിവ പ്രോൽസാഹിപ്പിക്കുക എന്നുള്ളത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നവയാണ്. ജൂൺ 27 ന് നടക്കുന്ന ഭിന്നശേഷി സൗഹൃദ ടൂറിസം വർക്ക് ഷോപ്പിൽ ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തി അതുകൂടി കണക്കിലെടുത്ത് ഭിന്നശേഷി സൗഹൃദ ടൂറിസം |

മാനദണ്ഡങ്ങൾ തയ്യാറാക്കും. ആർ.ടി മിഷന്റെ റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്തും. ഭിന്നശേഷി സൗഹൃദ പാക്കേജുകൾ തയ്യാറായി വരുന്നു. ഹോം സ്റ്റേ, ഫാം സ്റ്റേ, ടെന്റഡ് അക്കോമഡേഷൻ യൂണിറ്റുകൾ എന്നിവ തുടങ്ങാൻ താൽപ്പര്യമുള്ളവർക്കായി കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിലായി 168 പേർക്ക് ട്രെയിനിംഗ് നടത്തി. മറ്റ് ജില്ലകളിൽ ജൂലൈ അവസാനത്തോടെ ടി ട്രെയിനിംഗ് നടത്തുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ